# മതേതരത്വം, വർഗ്ഗീയത, ഇസ്ലാം

**വി.എച്ച്. ദിരാർ**

*ലക്കം 2 തുടർച്ച...*

രാഷ്ട്രീയവും സാമ്പത്തികവുമായ എല്ലാ പ്രശ്നങ്ങൾക്കും മതപരമായ അടിസ്ഥാനം അത് കണ്ടെത്താൻ ശ്രമിക്കുന്നു. സമൂഹത്തെ മതപരമായി ധ്രുവീകരിക്കുന്നു. ജീവിതോന്മുഖതയുടെ സ്ഥാനത്ത് മരണോന്മുഖതയെ പ്രതിഷ്ഠിക്കുന്നു. ചുരുക്കത്തിൽ മതം അതിന്റെ വൈയക്തികതലത്തിലും സ്ഥാപനതലത്തിലും ആധുനിക നാഗരികതയുടെ പ്രതിലോമമൂല്യങ്ങളെ പൂർണ്ണമായും ആവാഹിച്ചിട്ടുള്ളൂ. ഈ അന്തരീക്ഷമാണ് കേരളത്തിലും വർഗ്ഗീയമൂല്യങ്ങളെ ശക്തിപ്പെടുത്തിക്കൊണ്ടിരിക്കുന്നത്.

## പ്രസ്ഥാനങ്ങളുടെ തകർച്ച

തെരഞ്ഞെടുപ്പുരാഷ്ട്രീയത്തിന്റെയും അധികാരമത്സരത്തിന്റെയും കളിക്കളത്തിൽ കമ്മ്യൂണിസ്റ്റുപാർട്ടികൾക്ക് നേരിട്ട തുടർച്ചയായ മൂല്യശോഷണമാണ് ഈ ദിശയിൽ പരിശോധിക്കേണ്ട മറ്റു സംഗതി. കോൺഗ്രസ്സിൽ നിന്ന് അതിനെ വേർതിരിച്ചുനിർത്തിയിരുന്ന, ആകർഷകമാക്കിയിരുന്ന ഘടകങ്ങൾ ഒന്നൊന്നായി അഴിഞ്ഞുപോയ്ക്കൊണ്ടിരുന്നു. ഒടുവിൽ രാഷ്ട്രീയമൂല്യത്തിന്റെ കാര്യത്തിൽ സമനിരപ്പിൽ അതെത്തിപ്പെട്ടു. സഹനം കൊണ്ടും ത്യാഗം കൊണ്ടും അത് ആളിക്കത്തിയ ഭൂതകാലത്തിന്റെ ഓർമ്മകളാണ് ഇപ്പോഴും അതിന് താങ്ങായിട്ടുള്ളത്. അതേസമയം എൺപതുകളോടെ പ്രത്യയശാസ്ത്രപരമായ ഒരു അരക്ഷിതബോധവും കേരളത്തിൽ രൂപപ്പെടാൻ തുടങ്ങി.

1984ൽ ഗ്ലാസ്നോസ്റ്റും പെരിസ്ട്രോയിക്കയും സോവിയറ്റ് യൂണിയൻ നടപ്പിലാക്കാൻ തുടങ്ങിയതോടെ അതിന്റെ സോഷ്യലിസ്റ്റ് തിളക്കം ഒരു നുണക്കഥയാണെന്ന് നിരീക്ഷിക്കപ്പെട്ടു. കമ്മ്യൂണിസ്റ്റുകളുടെ അനുസ്മൃതികൾക്കുശേഷം കമ്മ്യൂണിസ്റ്റ് വിരുദ്ധരുടെ അന്ധനിക്ഷേപങ്ങളുടെ കാലം പിറക്കുകയായിരുന്നു. ലോകത്തെങ്ങുമുള്ള മനുഷ്യസമൂഹങ്ങളെ സൈദ്ധാന്തികമായി വൈദ്യുതീകരിച്ച പ്രസ്ഥാനമാണ് ഒരു നൂറ്റാണ്ടുപോലും തികയ്ക്കാനാവാതെ നിസ്സഹായമായി പിൻവാങ്ങിയത്. മാർക്സിസ്റ്റ് പ്രത്യയശാസ്ത്രം വിമോചനസ്വപ്നങ്ങൾക്ക് ഒരുത്താണിയല്ലെന്ന് ഇതോടെ വിലയിരുത്താൻ തുടങ്ങി. ലോകത്തിന്റെ ഏത് ദിശയിൽ നിന്നും സന്ദേശങ്ങൾ പിടിച്ചെടുക്കുന്ന കേരളത്തിന്റെ ആന്റിന ഇതിൽ ഒരുപാട് തൽസമയസംപ്രേഷണങ്ങളും സംവാദങ്ങളും നടത്തി.

മുഖ്യധാരാരാഷ്ട്രീയപാർട്ടികളിൽ നിന്നകന്ന് നക്സലൈറ്റുകളായോ സോഷ്യലിസ്റ്റുകളായോ ശുദ്ധ ഗാന്ധിയ

കളിൽ പരിസ്ഥിതി, സ്ത്രീ, ദളിത് ചിന്തകൾ സ്വാധീനം ചെലുത്താൻ തുടങ്ങിയതും 80 കളിലാണ്. 70കൾക്കൊടുവിൽ ചില പൊടിപ്പുകൾ ഉണ്ടായിരുന്നുവെങ്കിലും 80കളിലാണ് അത് സൈദ്ധാന്തികരൂപീകരണം നടത്തുന്നത്. അപ്പോൾപ്പോലും ഒരുപാട് വിഘടിതാശയങ്ങളുടെ കൂനയായിട്ടാണ് അത് നിലനിന്നത്. ഉത്തരങ്ങളേക്കാൾ കൂടുതൽ ചോദ്യങ്ങളാണ് ചോദിക്കേണ്ടതെന്ന ശരിവീക്ഷണം 80കളിലെ ധിഷണ വികസിപ്പിച്ചതിന്റെ പശ്ചാത്തലത്തിലായിരുന്നു അത്. അതുതന്നെ മാർക്സിസ്റ്റ് പ്രത്യയശാസ്ത്രപഠനത്തിന്റെ അലയൊലിയുമായിരുന്നു.

മുൻവിധികളില്ലാതെ സിദ്ധാന്തങ്ങൾ വിചാരണ ചെയ്യപ്പെടണമെന്ന കാഴ്ചപ്പാടോടൊപ്പം തന്നെ മതങ്ങൾ പുനർവായനക്ക് വിധേയമാക്കണമെന്നതും ചൂടോടെ അവതരിപ്പിക്കാൻ തുടങ്ങിയിരുന്നു.

നിക്കരാഗ്വയിലും മറ്റും ക്രിസ്ത്യൻ വിമോചന ദൈവശാസ്ത്രത്തിന്റെ പേരിൽ വന്ന പോരാട്ടങ്ങളും കാപ്പനച്ചന്റെ വീക്ഷണവും ഗാന്ധിയുടെ മതപരമായ നിരീക്ഷണങ്ങളും നവോത്ഥാനപ്രസ്ഥാനങ്ങളുടെ ആത്മീയതലങ്ങളും ഈ ദിശയിൽ ബുദ്ധിജീവികളുടെ പ്രധാന ചർച്ചാവിഷയങ്ങളായിത്തീർന്നു. മതവിരുദ്ധതയെ പുരോഗമനപരമായി കരുതിപ്പോന്ന ഇടതുപക്ഷവീക്ഷണം സമൂഹത്തിൽ ക്ഷയിക്കാൻ തുടങ്ങുന്നതിന്റെ സൂചനകളായിരുന്നു അതെല്ലാം.

തുടരും....